**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **23-07-2021 - ൽ മറുപടിയ്ക്ക്**

**ടൗട്ടെ, യാസ് ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി ഉണ്ടായ പേമാരിയും കടലേറ്റവും കാരണവും യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്താലും കൊച്ചി മണ്ഡലത്തിലെ നൂറുകണക്കിന് കുടുംബങ്ങൾ ദുരിതക്കയത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ചെല്ലാനം തീരത്തെ ഇത്തരം കുടുംബങ്ങളുടെ സഹായത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ആയതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ടൌട്ടെ ചുഴലിക്കാറ്റ് മൂലം ദുരിതമനുഭവിച്ച ചെല്ലാനത്തെ 3231 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയും കൂടാതെ 6018 രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്ക് 1200 രൂപ വീതം 72,21,600/- രൂപ അടിയന്തിര ധനസഹായമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | അടിക്കടി ഉണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭത്താൽ ചെല്ലാനം തീരദേശവാസികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പഠിച്ച് ചെല്ലാനത്തെ 'മാതൃക മത്സ്യഗ്രാമം' ഉൾപ്പെടെയുള്ള മാതൃക തീരദേശ പ്രദേശമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ചെല്ലാനം മത്സ്യഗ്രാമ പദ്ധതിയ്ക്ക് സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ (കുഫോസ്) ചുമതലപ്പെടുത്തുകയും കുഫോസ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹു. എം. പി., എം. എൽ. എ, ജില്ലാ കളക്ടർ തുടങ്ങിയവർ ഉൾപ്പെടുന്ന അഡ്വൈസറി കമ്മിറ്റിയും മാനേജിങ് ഡയറക്ടർ, കെ.എസ്.സി.എ.ഡി.സി അദ്ധ്യക്ഷനായി ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ